**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3887** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് കുമ്പഡാജ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | 18.06.2018 ലെ സ.ഉ(കൈ) നം.113/2018/ ആ.കു.വ പ്രകാരം കുമ്പഡാജ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. |
| (ബി) | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റുമ്പോൾ ഉണ്ടാകുന്ന അധിക സൗകര്യങ്ങളും സംവിധാനങ്ങളും തസ്തികകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗി സൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ സജ്ജമാക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാർ,സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്യുന്നു.കൂടാതെ നഴ്സുമാരുടെ പ്രീ ചെക്കപ്പ്, എൻ.സി.ഡി ക്ലിനിക്കുകൾ, ശ്വാസ്/ ആശ്വാസ് ക്ലിനിക്ക്, ലാബ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ഇവിടങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു. |
| (സി) | ഇത്തരം സൗകര്യങ്ങളും സംവിധാനങ്ങളും തസ്തികകളും കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മേൽപ്പറഞ്ഞ പ്രകാരമുള്ള സൗകര്യങ്ങൾ കുമ്പഡാജ കുടുംബാരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി നിയമിക്കപ്പെട്ടയാളും സ്റ്റാഫ് നഴ്സുമാരിൽ ഒരാളും വർക്കിംഗ് അറേൻജ്മെന്റിൽ വേറിടങ്ങളിൽ ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നിലവിൽ ഒരു അസിസ്റ്റന്റ് സർജൻ സാമൂഹികാരോഗ്യകേന്ദ്രം മുളിയാറിൽ ജോലി ചെയ്തു വരുന്നു. കുടുംബാരോഗ്യകേന്ദ്രം പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ജോലി ക്രമീകരണം |

| | | | |
|---|---|---|---|
| | എങ്കിൽ എന്ത് പരിഹാരനടപടികളാണ് സ്വീകരിക്കുക എന്നത് വ്യക്തമാക്കാമോ; | | റദ്ദ് ചെയ്യുന്നതാണ്. സ്റ്റാഫ് നഴ്സ് രണ്ടുപേരും നിലവിൽ കുമ്പഡാജെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (ഇ) | മറ്റേതെങ്കിലും തസ്തികകൾ കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതും എപ്പോൾ നികത്തപ്പെടുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ 2 (ലാബ് ടെക്നീഷ്യൻ-1, ജെ.എച്ച്.ഐ-1) തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് പി.എസ്.സി വഴി നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്കോ, സ്ഥാനക്കയറ്റം വഴി ജില്ലയിലേക്ക് നിയമനം നടക്കുന്ന മുറയ്ക്കോ, താൽക്കാലിക നിയമനം നടക്കുന്ന മുറയ്ക്കോ ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ